പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --1519 21.03.2012- ലെ മറുപടിക്ക്

## പ്രവാസി ലീഗൽ എയ്ഡ് സെൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ. രാജേഷ് | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രവാസി മലയാളികൾക്ക് അത്യാവശ്യ ഘട്ടങ്ങളിൽ നിയമോപദേശം നൽകുവാനായി പ്രഖ്യാപിക്കപ്പെട്ട പ്രവാസി ലീഗൽ എയ്ഡ് സെൽ രൂപീകരിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എയും ബിയും) വിദേശങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെയും മറ്റു നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേയ്ക്കായി പ്രവാസി ലീഗൽ ഏയ്ഡ് സെൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വിദേശ രാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാക്കാറില്ല എന്നതിനാൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. പ്രവാസി ലീഗൽ ഏയ്ഡ് സെല്ലിന്റെ പ്രവർത്തനം അതാത് എംബസ്സികളുടെ സഹകരണത്തോടെ മാത്രമെ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത |

പദ്ധതിയിലൂടെ പ്രവാസികളെ അടിയന്തിര ഘട്ടങ്ങളിൽ സഹായിക്കുന്നതിലേക്കായി എംബസ്സികളിൽ അഡ്വക്കേറ്റുകളെ നിയമസഹായം നൽകുന്നതിലേയ്ക്കായി ചുമതലപ്പെടുത്തുന്നതിനും, നോർക്ക – റൂട്ട്സിന്റെ കോൾ സെന്ററിൽ നിയമോപദേശം ലഭ്യമാക്കത്തക്ക രീതിയിൽ നിയമ വിദഗ്ധരുടെ സഹായം ലഭ്യമാക്കുന്നതിനും പീഡിതർക്ക് എംബസിയിൽ എത്തിച്ചേരുന്നതിന് എംബസികൾ വഴി വാഹനങ്ങൾ ഏർപ്പാട് ചെയ്യുന്നതിനും ആണ് ഉദ്ദേശിച്ചിരിക്കുന്നത്. കൂടാതെ വിവിധ മലയാളി സംഘടനകൾ, വിദേശത്തുള്ള നോർക്ക – റൂട്ട്സിന്റെ റസിഡന്റ് റെപ്രസന്റേറ്റീവുകൾ/ കൺസൾട്ടന്റുകൾ, എന്നിവർ മുഖാന്തിരം പ്രവർത്തനം ഏകോപിപ്പിക്കാനും ആലോചനയുണ്ട്.

| | |
|---|---|
| (സി) ഈ സെല്ലിന്റെ സേവനം നാളിതുവരെ എത്ര പ്രവാസി മലയാളികൾക്ക് ലഭ്യമായി എന്ന് വ്യക്തമാക്കാമോ? | (സി) ലീഗൽ സെൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ